## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ .1763

16.06.2014-ൽ മറുപടിക്ക്

### ഓഷ്യനേറിയം പദ്ധതി

ചോദ്യം | ഉത്തരം

| | ശ്രീ.എസ്.ശർമ്മ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വൈപ്പിനിൽ വിഭാവനം ചെയ്തിരുന്ന ഓഷ്യനേറിയം പദ്ധതി പ്രാവർത്തികമാക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (എ) | പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനായി പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അംഗീകാരമുള്ള ഏജൻസിയെ നിയോഗിച്ചു. ഏജൻസി പരിസ്ഥിതി ആഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടും എൻവിയോൺമെന്റൽ ക്ലിയറൻസ് ലഭിക്കുന്നതിനുള്ള അപേക്ഷയും സ്റ്റേറ്റ് എൻവിയോൺമെന്റ് ഇംപാക്റ്റ് അസസ്മെന്റ് അതോറിറ്റിക്ക സമർപ്പിച്ചു. പദ്ധതി പ്രസന്റേഷൻ മീറ്റിംഗ് ഉടൻ കൂടുന്നതാണ്. കോസ്റ്റൽ റഗുലേഷൻ സോൺ ക്ലിയറൻസ് ലഭിക്കുന്നതിനായി പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടും അപേക്ഷയും കേരള സ്റ്റേറ്റ് കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്കും സമർപ്പിച്ചു. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും കൺസന്റ് ലഭിക്കുന്നതിന് പുതുക്കിയ അപേക്ഷ സമർപ്പിച്ച അന്തിമ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. |
| (ബി) | പദ്ധതി ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടെങ്കിൽ വിശദീകരിക്കാമോ; | (ബി) | എൻവിയോൺമെന്റൽ ക്ലിയറൻസും കോസ്റ്റൽ റഗുലേഷൻ സോൺ ക്ലിയറൻസും ലഭിച്ചിട്ടില്ല. നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (സി) | പദ്ധതിയ്ക്കായി ആഗോള ടെൻഡർ ക്ഷണിച്ചിട്ടുണ്ടെങ്കിൽ വിശദീകരിക്കാമോ; എങ്കിൽ ഇതിനുശേഷം സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ? | (സി) | പദ്ധതിയുടെ ബിഡ് മാനേജരായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷനെ (K.S.I.D.C.) ഗ്ലോബൽ ടെണ്ടർ വിളിക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. K.S.I.D.C റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ഗാമൺ ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ട് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്. എൻവിയോൺമെന്റൽ ക്ലിയറൻസും കോസ്റ്റൽ റെഗുലേഷൻ സോൺ ക്ലിയറൻസും ലഭിച്ചതിനുശേഷം ടെണ്ടർ വിളിക്കുന്നതാണ്. |

Jayasree

സെക്ഷൻ ഓഫീസർ